بسم الله الرحمن الرحيم ○ نحمده ونصلی علیٰ رسوله الکریم ○ وعلیٰ عبده المسیح الموعود

ഖുത്വ്ബ നമ്പർ
**32**
**09-08-2013**

**ജുമുഅ ഖുത്വ്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ایدہ اللہ تعالیٰ بنصرہ العزیز

വിവർത്തനം: എം.നാസിർ അഹ്മദ്, കൊടിയത്തൂർ

# കൊടിയ ശത്രുവിനോടു പോലും നീതി പാലിക്കുക, കരാറുകൾ ലംഘിക്കരുത്

ഇന്നത്തെ ഖുത്വുബ കഴിഞ്ഞ ഖുത്വുബകളുടെ തുടർച്ചയാണ്. സമൂഹത്തോടുള്ള കടമകൾ നിറവേറ്റുന്നതിലേക്കും സമൂഹത്തിൽ നിന്ന് ഫിത്നയും കുഴപ്പവും ഇല്ലാതാക്കുന്നതിലേക്കും സൊസൈറ്റിയിൽ സമാധാനം സ്ഥാപിക്കുന്നതിലേക്കും നീതി നടപ്പിൽ വരുത്തുന്നതിലേക്കും അതേപോലെ നമ്മുടെ മനസ്സിനെ അല്ലാഹുവിന്റെ കല്പനക്ക് കീഴിൽ കൊണ്ടുവരുന്നതിലേക്കും നമ്മുടെ പ്രതിജ്ഞകളെ നിറവേറ്റുന്നതിലേക്കും വെളിച്ചം വീശുന്ന രണ്ട് കല്പനകളെ കുറിച്ചാണ് ഇന്ന് പറയാൻ പോകുന്നത്. ഇവയിൽ ഇതു സംബന്ധമായ ഇസ്‌ലാമിക പാഠങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. ഇസ്‌ലാമിക അധ്യാപനങ്ങളിൽ കാഠിന്യം കൂടുതലാണെന്ന് പറഞ്ഞ് ഇക്കാലത്ത് ഇസ്‌ലാമിനെ വിമർശിക്കുന്നു. ഭീകരതയും കുഴപ്പവുമല്ലാതെ മറ്റൊന്നും അതിലില്ല എന്നവർ പറയുന്നു. കുറച്ച് ദിവസം മുമ്പ് ഒരു അമേരിക്കൻ എഴുത്തുകാരൻ ഇപ്രകാരം എഴുതി. 'ഇസ്‌ലാമിൽ ജുമുഅ ദിവസം (നഊദുബില്ലാഹ്) കുഴപ്പങ്ങൾ ഉണ്ടാക്കുന്ന ദിവസമാണ്.' ഇതുപോലെ പലതും ഇസ്‌ലാമിനെതിരിൽ എഴുതുകയുണ്ടായി. ജമാഅത്ത് ഇത് പ്രസിദ്ധീകരിച്ചവരുമായി ബന്ധപ്പെട്ടിരുന്നു. ഇസ്‌ലാമിന്റെ സൗന്ദര്യത്തെ കുറിച്ച് നമ്മുടെ ഒരു യുവാവ് വളരെ നല്ല ലേഖനം എഴുതുകയുണ്ടായി. അവരുമായി കൂടുതൽ ബന്ധം സ്ഥാപിക്കാൻ ഞാൻ പറഞ്ഞു. ഇസ്‌ലാമിന്റെ മനോഹര അധ്യാപനങ്ങളും ഇസ്‌ലാമിന്റെ ലക്ഷ്യങ്ങളും ജുമുഅയുടെ ഉദ്ദേശ്യവും എല്ലാം ഉൾക്കൊള്ളുന്ന ലേഖനം എഴുതി പ്രസിദ്ധീകരിക്കാൻ ഞാൻ അവരോട് പറഞ്ഞിട്ടുണ്ട്. എന്നാൽ മാത്രമേ അവർക്ക് കാര്യങ്ങൾ മനസ്സിലാകുകയുള്ളൂ.

തിരുനബി(സ)യുടെ പ്രിയപ്രേമിയുടെ പ്രസ്ഥാനത്തെ മുന്നോട്ട് നയിച്ചുകൊണ്ട് ഇസ്‌ലാമിന്നെതിരിൽ പ്രസിദ്ധീകരിച്ചു കൊണ്ടിരിക്കുന്നവയെ പ്രതിരോധിക്കുകയും വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ശത്രുവിന്റെ വായ അടപ്പിക്കുകയും ചെയ്യുക എന്നത് ഇന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ കടമയാണ്. ഇത് നമ്മുടെ ജോലിയാണ്. എന്നാൽ അല്ലാഹു സ്വയം ഇതിനുള്ള സംവിധാനവും ഒരുക്കാറുണ്ട്. ചില സന്ദർഭങ്ങളിൽ നീതിബോധമുള്ള അമുസ്‌ലിം വ്യക്തികളെ ഇതിനായി എഴുന്നേൽപ്പിക്കുന്നു. അവർ ഇസ്‌ലാമിന്റെ ശ്രേഷ്ഠതയെ ലോകസമക്ഷം സമർപ്പിക്കുന്നു. പ്രൊഫസറും സ്കോളറുമായ ഒരു കത്തോലിക്കൻ ക്രിസ്ത്യാനി കഴിഞ്ഞ ദിവസം Daily Telegraphൽ ഒരു ലേഖനം പ്രസിദ്ധീകരിക്കുകയുണ്ടായി. അതിൽ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും പ്രശംസിച്ചു കൊണ്ടാണ് എഴുതിയത്. Atheists പോലെയുള്ള ഇവിടെയുള്ള സാമുദായിക പ്രസ്ഥാനങ്ങൾക്കെതിരിലും എഴുതുകയും ചെയ്തു. മുസ്‌ലിംകളുടെ ഉന്നതമൂല്യങ്ങളെയും അധ്യാപനങ്ങളെയും നിലനിർത്താനായി നാം ശ്രമിക്കേണ്ടതാണെന്നും അദ്ദേഹം എഴുതി.

അല്ലാഹുവിന്റെ അസ്തിത്വത്തെ തന്നെ നിഷേധിക്കുന്നവരാണ് ഇക്കാലത്ത് മതത്തെയും ഇസ്‌ലാമിനെയും ആക്ഷേപിക്കുന്നവർ. ഞാൻ പറഞ്ഞതുപോലെ മതത്തിന്റെ ആവശ്യകതയെ കുറിച്ച് പറയലും ജീവനുള്ള ദൈവത്തിന്റെ അസ്തിത്വം ലോകത്ത് തെളിയിച്ചു കാട്ടുക എന്നതും നമ്മുടെ കടമയാണ്. കാരണം ഒരു യഥാർത്ഥ വിശ്വാസിക്ക് മാത്രമേ ഈ ജോലി ശരിക്കും ചെയ്യാൻ സാധിക്കുകയുള്ളൂ. കാലത്തിന്റെ ഇമാമുമായി ബന്ധപ്പെട്ടതിനാൽ അഹ്മദികൾക്ക് മാത്രമേ ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനം മനസ്സിലാക്കാനും അതിനെ ലോകത്ത് പ്രചരിപ്പിക്കാനും കഴിയുകയുള്ളൂ. ഇങ്ങനെയാണ് ആകേണ്ടതും. വിശുദ്ധ ഖുർആന്റെ അധ്യാപനത്തിന്റെയും കല്പനയുടെയും അടിസ്ഥാനത്തിൽ പ്രവർത്തിക്കുമ്പോൾ മാത്രമേ ഈ ജോലി നമുക്ക് ചെയ്യാൻ സാധിക്കുകയുള്ളൂ.

സൂറാ അൻആമിലെ 152,153 ആയത്തുകൾ പറയപ്പെട്ട കല്പനകളിൽ ഉൾപ്പെട്ട രണ്ട് കല്പനകളെ കുറിച്ചാണ് ഇന്ന് പറയുന്നതെന്ന് ഞാൻ നേരത്തെ പറയുകയുണ്ടായി. രണ്ട് ഖുത്വുബകൾ ഇതിനു മുമ്പ് ഈ വിഷയമായിട്ടാണ് നൽകിയിരുന്നത്.

ഇന്ന് പറയാൻ പോകുന്നതിൽ ഒന്നാമത്തെത് നീതിയെ കുറിച്ചും ന്യായത്തെ കുറിച്ചുമാണ് وَإِذَا قُلْتُمْ فَاعْدِلُوا وَلَوْ كَانَ ذَا قُرْبَىٰ നിങ്ങൾ സംസാരിക്കുമ്പോൾ നീതിയോട് കൂടി സംസാരിക്കുക. നിങ്ങൾ ആരെ കുറിച്ചാണോ പറയുന്നത് അവർ എത്ര തന്നെ അടുത്ത ആളായാൽ പോലും.

നീതിയുടെ വിവിധ വശങ്ങളുണ്ട്. ഇതു സംബന്ധമായി വിശുദ്ധഖുർആനിൽ വിവിധ സ്ഥലങ്ങളിൽ വിശദമായ പരാമർശങ്ങൾ കാണാവുന്നതാണ്. അടുത്ത ബന്ധുക്കൾക്ക് വേണ്ടി നൽകാൻ പോകുന്ന സാക്ഷ്യത്തെ കുറിച്ച് മറ്റൊരു സ്ഥലത്ത് അല്ലാഹു വിശദമായി പറയുന്നുണ്ട്. അവിടെ അടുത്ത ബന്ധുവിനെകുറിച്ച് മാത്രമല്ല, തന്നെക്കുറിച്ച് തന്നെ പറയേണ്ടി വന്നാലും മാതാപിതാക്കളെ കുറിച്ചാണെങ്കിലും നീതിയോടുകൂടി പറയുക എന്നാണ് പറഞ്ഞിരിക്കുന്നത്.

സൂറത്തുന്നിസാഇലെ 136 ാം ആയത്താണത്. അല്ലാഹു പറയുന്നു:

يٰٓاَيُّهَا الَّذِيْنَ اٰمَنُوْا كُوْنُوْا قَوّٰمِيْنَ بِالْقِسْطِ شُهَدَآءَ لِلّٰهِ وَلَوْ عَلٰٓى اَنْفُسِكُمْ اَوِ الْوَالِدَيْنِ وَالْاَقْرَبِيْنَ ۚ اِنْ يَّكُنْ غَنِيًّا اَوْ فَقِيْرًا فَاللّٰهُ اَوْلٰى بِهِمَا ۖ فَلَا تَتَّبِعُوا الْهَوٰٓى اَنْ تَعْدِلُوْا ۚ وَاِنْ تَلْوٗٓا اَوْ تُعْرِضُوْا فَاِنَّ اللّٰهَ كَانَ بِمَا تَعْمَلُوْنَ خَبِيْرًا ﴿١٣٦﴾

വിശ്വസിച്ചവരെ! നിങ്ങൾ പരിപൂർണ്ണമായി നീതി പാലിക്കുന്നവരും അല്ലാഹുവിനു വേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ. അത് നിങ്ങൾക്കു തന്നെയോ നിങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ എതിരായിരുന്നാൽ പോലും. അയാൾ ധനികനോ, ദരിദ്രനോ ആണെങ്കിൽ അല്ലാഹുവാണ് അവർ രണ്ടുപേരോടും കൂടുതൽ അവകാശപ്പെട്ടവൻ. അതിനാൽ നിങ്ങൾ സ്വേച്ഛയെ പിൻപറ്റരുത്. നിങ്ങൾ നീതി പാലിക്കുന്നതിനു വേണ്ടിയാണിത്. നിങ്ങൽ സത്യം മറച്ചുവെക്കുകയോ അവ്യക്തമായ കാര്യങ്ങൾ പറയുകയോ ചെയ്താൽ ഓർക്കുക; അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ച് നല്ലവണ്ണം അറിയുന്നവനാകുന്നു.

ഇവിടെ സാക്ഷികളെ കുറിച്ച് ഒരടിസ്ഥാനകാര്യമാണ് വിവരിച്ചത്. അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ചുകൊണ്ടായിരിക്കണം നിങ്ങൾ സാക്ഷി പറയേണ്ടത്. അല്ലാഹുവിന്റെ കല്പനക്ക് കീഴ്പ്പെട്ടു കൊണ്ടായിരിക്കണം. ഹ: മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നു: "സത്യത്തിലും നീതിയിലും നിലനിൽക്കുക. നിങ്ങളുടെ ഓരോ സാക്ഷ്യവും തന്നെ അല്ലാഹുവിന് വേണ്ടിയായിരിക്കേണ്ടതാണ്"

ലോകത്ത് നീതിയും ന്യായവും സ്ഥാപിക്കാനുള്ള ഒരേ ഒരു മാർഗം അല്ലാഹുവിന്റെ പ്രീതി മുന്നിൽ കണ്ടുകൊണ്ട് പ്രവർത്തിക്കുക എന്നതാണ്. ഇതല്ലാതെ ലോകത്ത് നിന്ന് അനീതിയും ദേഹേച്ഛകളെയും അവസാനിപ്പിക്കാനായി മറ്റൊരു മാർഗവുമില്ല. ഹദ്റത് മസീഹ് മൗഊദ് (അ) മറ്റൊരു സ്ഥലത്ത് പറയുന്നു: എല്ലാ ശക്തികളുടെയും രാജാവ് നീതിയാകുന്നു. ഈ ശക്തി മനുഷ്യനിൽ ഇല്ലെങ്കിൽ പിന്നെ എല്ലാം നഷ്ടമായിത്തീരുന്നതാണ്. നീതിയും ന്യായവും മനുഷ്യനിൽ ഉണ്ടാകുക എന്നത് അവന്റെ ഗുണങ്ങളെ പ്രകാശപൂരിതമാക്കുന്നതാണ്.

ഈ ആയത്തിൽ വിവരിച്ചതനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ, നീതി സ്ഥാപിക്കുന്നതിനായി തനിക്കെതിരിൽ തന്നെ സത്യം പറയേണ്ടിവന്നാലും മാതാപിതാക്കൾക്കെതിരിലൊ അടുത്ത ബന്ധുക്കൽക്കെതിരിലൊ സാക്ഷ്യം പറയേണ്ടി വന്നാലും അതിൽ നിന്നും മുഖം തിരിക്കാതെ പ്രവർത്തിക്കുകയാണെങ്കിൽ ഇതുമുഖേന മനോഹരമായ ഒരു സമൂഹം കെട്ടിപ്പടുക്കപ്പെടുന്നതാണ്. ഇതിന് സമാനമായത് നമുക്ക് മറ്റെവിടെയും ലഭിക്കില്ല.

ഇരുകക്ഷികൾക്കിടയിൽ പ്രശ്നമുണ്ടാകുമ്പോഴാണ് സാക്ഷിയുടെ ആവശ്യം നേരിടുന്നത്. ഇങ്ങനെയുള്ള അവസ്ഥയിൽ ഇരുകക്ഷികളോടും അവരുടെ കാര്യങ്ങൾ വിവരിക്കാൻ പറയുകയോ സാക്ഷികളെ സമർപ്പിക്കപ്പെടുകയോ ചെയ്യുന്നു. പ്രശ്നം എന്താണെന്ന് ഇത് മുഖേന വ്യക്തമാകുന്നതാണ്. തീരുമാനം കല്പിക്കാനും നീതി സ്ഥാപിക്കാനും ഇത് എളുപ്പമായിത്തീരുന്നതാണ്. സാക്ഷ്യങ്ങൾ തന്നെ കള്ളമാണെങ്കിൽ തങ്ങളുടെ കാര്യങ്ങൾ വളച്ചൊടിച്ച് അന്യായമായ അവകാശം നേടാനായി ശ്രമിക്കുകയാണെങ്കിൽ വിധി കല്പിക്കുന്നവരുടെ വിധിയും ഒരു പക്ഷെ ശരിയായിക്കൊള്ളണമെന്നില്ല. തെറ്റിപ്പോകാൻ സാധ്യതയുണ്ട്. ഇങ്ങനെയുള്ള അവസരത്തിൽ ഇതിന്റെ പാപം സാക്ഷിപറഞ്ഞവർക്കാണ്. വിധി കല്പിക്കുന്നവർക്കല്ല. തന്റെ ബന്ധുക്കളുടെ നേട്ടത്തിനായി സാക്ഷ്യം പറയുന്നു. വിധി കല്പ്പിക്കുന്ന സ്ഥാപനത്തെ തെറ്റായ ദിശയിലൂടെ കൊണ്ടുപോകാൻ ശ്രമം നടത്തുന്നു. അങ്ങനെ തെറ്റുകാരായിത്തീരുന്നു. തിരുനബി (സ) അരുളി: ആരെങ്കിലും തെറ്റായ വിവരണം നൽകിക്കൊണ്ട് എന്നോട് തെറ്റായ വിധി പുറപ്പെടുവിക്കുകയാണെങ്കിൽ അവൻ തീയുടെ കഷ്ണമാണ് കൂടെ കൊണ്ടുപോകുന്നതെന്ന് മനസ്സിലാക്കുക.

ചുരുക്കത്തിൽ തെറ്റായ വിവരം നൽകി കള്ള സാക്ഷ്യം പറഞ്ഞ് തീകനൽ കരസ്ഥമാക്കുന്നതിൽ നിന്നും ഓരോരുത്തരും രക്ഷപ്പെടേണ്ടതാണ്. ഇതിൽ നിന്നെല്ലാം രക്ഷപ്പെടുന്നവനാണ് യഥാർത്ഥ വിശ്വാസി.

ഞാൻ ഓതിക്കേൾപ്പിച്ച സൂറത്തുന്നിസാഇലെ വചനത്തിന്റെ മുമ്പ് കുടുംബ പ്രശ്നങ്ങളെ കുറിച്ചാണ് പറയുന്നത്. ഭാര്യയോ ഭർത്താവോ അന്യായമായ അവകാശങ്ങൾ കരസ്ഥമാക്കാനായി ശ്രമിക്കുകയാണെങ്കിൽ തലാഖ്, ഖുലാഅ് വേളയിൽ പുരുഷന്റെയും സ്ത്രീയുടെയും ബന്ധുക്കൾ തെറ്റായ വിവരം നൽകി അന്യായമായി അവകാശം കരസ്ഥമാക്കാൻ ശ്രമിക്കുകയാണെങ്കിൽ അവർ നീതിയുടെ കഴുത്തിന് കത്തിവെക്കുകയാണ് ചെയ്യുന്നത്. ഇതു മുഖേന അവർ താത്കാലികമായ ഭൗതിക നേട്ടം കരസ്ഥമാക്കിയേക്കാം. എന്നാൽ തിരുനബി(സ) പറഞ്ഞത് പോലെ അവർ തീ കഷ്ണമാണ് കൂടെ കൊണ്ട് പോകുന്നത്. അത് ഖിയാമത്ത് നാളിൽ മോശമായ പര്യവസാനത്തിലേക്ക് ചെന്നെത്തിക്കുന്നതാണ്. ഇരു കക്ഷികളും സാക്ഷികളും സ്വേച്ഛകളെ പിൻപറ്റിക്കൊണ്ട് നീതിയിൽ നിന്നും തുലോം അകലുകയാണ് ചെയ്യുന്നത്. അതുകൊണ്ട് സ്വേച്ഛകളെ പിൻപറ്റരുത്. നീതിയും ന്യായവും സ്ഥാപിക്കാനായി ശ്രമിക്കുക. അല്ലാഹു തുടർന്നു പറയുന്നു:

وَاِنْ تَلْوٗٓا اَوْ تُعْرِضُوْا فَاِنَّ اللّٰهَ كَانَ بِمَا تَعْمَلُوْنَ خَبِيْرًا

നിങ്ങൾ അവ്യക്തമായ കാര്യങ്ങൾ പറയുകയോ ഇതിൽ നിന്ന് മുഖം തിരിച്ചു കളയുകയോ ചെയ്താൽ നിങ്ങൾ പ്രവർ ത്തിക്കുന്നതെല്ലാം അറിയുന്നവനാണ് അല്ലാഹു എന്ന് അറിയുക. കള്ളസാക്ഷ്യങ്ങൾ നൽകിക്കൊണ്ട് തീരുമാനം കല്പിക്കുന്നവനെ വഞ്ചിക്കാൻ സാധിച്ചേക്കാം. ആരുടെ അടുത്താണോ ഈ പ്രശ്നമുള്ളത് അവരെ വഞ്ചിക്കാൻ സാധിച്ചേക്കാം. അദ്ദേഹത്തോട് തനിക്കനുകൂലമായും മറുകക്ഷിക്കെതിരിലും നീതിക്കും ന്യായത്തിനുമെതിരിലും തീരുമാനം എടുപ്പിക്കാൻ സാധിച്ചേക്കാം. എന്നാൽ എല്ലാം അറിയുന്ന അല്ലാഹുവിനെ നമുക്ക് വഞ്ചിക്കാൻ സാധ്യമല്ല. തിരുനബി (സ) പ്രത്യേകിച്ച് നിക്കാഹ് ഖുത്വുബകളിൽ നേരെ ചൊവ്വാ കാര്യങ്ങൾ സംസാരിക്കാനായി നിർദ്ദേശിച്ച വിശുദ്ധഖുർആന്റെ പാഠം പ്രത്യേകമായി കേൾപ്പിക്കാറുണ്ട്. അതിനുള്ള കാരണം ബന്ധം ഉറപ്പിക്കുമ്പോഴും അതിനുശേഷം പരസ്പരം ജീവിതം കഴിച്ചു കൂട്ടുമ്പോഴും വല്ല പ്രശ്നവും വന്നാൽ

അപ്പോഴും **കൂലൂ കൗലൻ സദീദാ** നേരെ ചൊവ്വേ കാര്യങ്ങൾ സംസാരിക്കേണ്ടതാണ്. ഈ മാർഗം കൈവിടുമ്പോൾ ഇത് നിങ്ങളെ തഖ്‌വയിൽ നിന്നും അകറ്റും. ഇത് നിങ്ങളെ നീതിയിൽ നിന്നും ന്യായത്തിൽ നിന്നും ദൂരെയകറ്റും. ഇത് സമൂഹത്തിൽ കുഴപ്പത്തിന് കാരണമായിത്തീരുന്നതാണ്.

നമ്മുടെ ഖളായിൽ ഖുൽഅയുടെയും തലാഖിന്റെയും കേസുകൾ വരുമ്പോൾ ചില പ്രശ്നങ്ങൾ ഞാൻ സ്വയം നോക്കാറുണ്ട്. നീതിയിലും യാഥാർത്ഥ്യത്തിലും അധിഷ്ഠിതമായ കാര്യങ്ങൾ പറയുകയോ സാക്ഷികൾ യഥാർത്ഥ സാക്ഷ്യങ്ങൾ നൽകുകയോ ചെയ്യാറില്ല. ഇതേ പോലെ ഇടപാടുകളിൽ ചിലർ താത്കാലിക നേട്ടത്തിനായി തഖ്‌വയിൽ നിന്നും അകന്നു കൊണ്ട് തീകണൽ വാങ്ങുന്നവരായി മാറുന്നു.

തീ കഷ്ണമാണ് അവർ കൊണ്ട് പോകുന്നത് എന്ന് പറയുന്ന ഹദീസിൽ രണ്ട് സഹോദരങ്ങളുടെ സ്വത്തിന്റെ കാര്യമാണ് പരാമർശിക്കുന്നത്. ഈ കേസ്സ് തിരുനബി(സ)യുടെ സവിധത്തിൽ സമർപ്പിക്കപ്പെടുകയുണ്ടായി. അപ്പോൾ അവരോട് തിരുനബി(സ) പറഞ്ഞത്. വാചാലമായി സംസാരിച്ചു കൊണ്ട് എന്നോട് അവർക്കനുകൂലമായി ആരെങ്കിലും തീരുമാനം നേടുമ്പോൾ അവർ അഗ്നിയുടെ ഒരു ഭാഗമാണ് കരസ്ഥമാക്കുന്നത് എന്ന് ഓർക്കേണ്ടതാണ്. ഈ അഗ്നിയുടെ ഭാഗം ഖിയാമത്ത് നാളിൽ നിങ്ങളുടെ നാശത്തിന് കാരണമായിത്തീരുന്നതാണ്. ഇത് കേട്ടപ്പോൾ രണ്ട് സഹോദരന്മാരും പൊട്ടിക്കരഞ്ഞുകൊണ്ട് മാപ്പപേക്ഷിക്കുകയുണ്ടായി. എന്നിട്ട് പറഞ്ഞു: ഞങ്ങൾക്കൊന്നും വേണ്ട. എന്റെ അവകാശം കൈവിടുന്നു. അത് മറുകക്ഷിക്ക് നൽകുക. തിരുനബി (സ) പറഞ്ഞു: നിങ്ങളുടെ അവകാശം ഉപേക്ഷിക്കുന്നതും ശരിയല്ല. നിങ്ങളുടെ അവകാശമാണെങ്കിൽ തീർച്ചയായും കൈവശമാക്കുക. തീരുമാനം കല്പിക്കാൻ കഴിയുന്നില്ലെങ്കിൽ, ഇതിന് വേണ്ടി വ്യക്തമായ രേഖകൾ തെളിവായി ഹാജരാക്കാനില്ലെങ്കിൽ ഇതിന് തെളിവായി ശരിയായി സാക്ഷികളുമില്ലെങ്കിൽ നറുക്കിടുക. ആർക്ക് എത്രയാണോ വരുന്നത് അത് ഓരോരുത്തരും സ്വീകരിക്കുക.' പ്രശ്നങ്ങൾ പരിഹരിക്കാനുള്ള മാർഗങ്ങളാണിവ. ഒരു വിശ്വാസിയിൽ ഉണ്ടായിത്തീരേണ്ട തഖ്‌വയുടെ നിലവാരമാണിത്.

നീതി നടപ്പിൽ വരുത്തുന്നതിന് തടസ്സമായിത്തീരുന്നവരോട് അല്ലാഹു കരുണചൊരിയട്ടെ. അവർക്ക് അല്ലാഹു ബുദ്ധി നൽകട്ടെ. ഗാർഹിക പ്രശ്നങ്ങളാണെങ്കിലും ഇടപാടുകളിലാണെങ്കിലും സത്യസന്ധമായ സാക്ഷ്യങ്ങൾ നൽകുക. നീതി നടപ്പിൽ വരുത്തുന്നതിനുള്ള സാക്ഷ്യങ്ങൾ ആയിരിക്കേണ്ടതാണ്. ഇങ്ങനെയാണെങ്കിൽ നമ്മുടെ സമൂഹം സ്വർഗത്തിന്റെ മാതൃക ഈ ലോകത്ത് തന്നെ സമർപ്പിക്കുന്നതായി മാറും.

ഞാൻ പറഞ്ഞതു പോലെ വിശുദ്ധ ഖുർആനിൽ നീതിയെ കുറിച്ച് വിശദമായ പാഠങ്ങൾ കാണുന്നതാണ്. ഇതു സംബന്ധമായി ഒന്ന് രണ്ട് ആയത്തുകൾ കൂടി ഞാൻ കേൾപ്പിക്കാം. സൂറത്തുന്നിസാഇൽ അല്ലാഹു പറയുന്നു:

إِنَّ اللَّهَ يَأْمُرُكُمْ أَن تُؤَدُّوا الْأَمَانَاتِ إِلَىٰ أَهْلِهَا
وَإِذَا حَكَمْتُم بَيْنَ النَّاسِ أَن تَحْكُمُوا بِالْعَدْلِ
إِنَّ اللَّهَ نِعِمَّا يَعِظُكُم بِهِ إِنَّ اللَّهَ كَانَ سَمِيعًا بَصِيرًا ۝٥٩

അമാനത്തുകൾ അതിന്റെ അവകാശികളെ ഏൽപിക്കാൻ അല്ലാഹു നിങ്ങളോട് ആജ്ഞാപിക്കുന്നു. ജനങ്ങൾക്കിടയിൽ നിങ്ങൾ ഭരണം നടത്തുമ്പോൾ നീതിപൂർവ്വം ഭരണം നടത്തുക. അല്ലാഹു നിങ്ങൾക്ക് ഉപദേശം നൽകുന്നത് ഏറ്റവും ഉത്തമമായതാണ്. അല്ലാഹു നല്ലതു പോലെ കേൾക്കുന്നവനും എല്ലാ കാര്യങ്ങളും ശരിക്കും നോക്കുന്നവനുമാണ്.

ഈ വചനത്തിൽ ആദ്യമായി പറയുന്നത് അമാനത്തുകളെ അതർഹിക്കുന്നവരെ ഏൽപ്പിക്കാനാണ്. കുറച്ച് മാസങ്ങൾക്ക് മുമ്പ് ഇതു സംബന്ധമായ വിശദമായ ഒരു ഖുത്വുബ ഞാൻ നൽകിയിട്ടുള്ളതാണ്. അതിൽ പറഞ്ഞിരുന്നത് ഈ വർഷം ജമാഅത്ത് ഭാരവാഹികളെ തിരഞ്ഞെടുക്കുന്ന വർഷമാണ്, അതിനാൽ വ്യക്തികളെ തിരഞ്ഞെടുക്കുമ്പോൾ വ്യക്തി താത്പര്യങ്ങൾ പരിഗണിക്കാതെ, കുടുംബബന്ധങ്ങളെ പരിഗണിക്കാതെ നീതിയോടു കൂടി അമാനത്തിന്റെ കടമകൾ നിറവേറ്റിക്കൊണ്ട് തങ്ങളുടെ ജോലിയിൽ നീതി പാലിക്കും എന്ന് നിങ്ങൾക്ക് തോന്നുന്ന ഭാരവാഹികളെ തിരഞ്ഞെടുക്കുക എന്നാണ്.

ഏതായിരുന്നാലും തിരഞ്ഞെടുപ്പ് കഴിഞ്ഞു. ചില സ്ഥലങ്ങളിൽ തിരഞ്ഞെടുക്കുന്നവർ അവരുടെ ദൃഷ്ടിയിൽ ഉത്തമരായായിട്ടുള്ളവരെ തിരഞ്ഞെടുത്തു. ചില സ്ഥലങ്ങളിൽ ഞാൻ സ്വയം ചില മാറ്റങ്ങൾ വരുത്തുകയുണ്ടായി. മശ്‌വറ നൽകുന്നവരുടെ മശ്‌വറ ഞാൻ അംഗീകരിച്ചില്ല. നല്ല പ്രവർത്തി ചെയ്യുന്ന ആളായിരുന്നുവെങ്കിൽ അദ്ദേഹത്തെ തന്നെ നിലനിർത്തി.

ഓരോരുത്തർക്കും പ്രവർത്തിക്കാനുള്ള കഴിവിന് ഒരു പരിധിയുണ്ട്. ആ പരിധി വരെ എത്തിക്കഴിഞ്ഞാൽ പിന്നീട് ആ വകുപ്പിൽ പുരോഗതി ഉണ്ടാവുകയില്ല. ഒരു പക്ഷെ ഒരു വകുപ്പിൽ ശരിക്ക് പ്രവർത്തിക്കാൻ കഴിയാത്ത വ്യക്തിക്ക് മറ്റൊരു വകുപ്പിൽ നല്ലതു പോലെ പ്രവർത്തിക്കാൻ കഴിഞ്ഞേക്കും. ഇതു കാരണമായും ചില മാറ്റങ്ങൾ വരുത്തുകയുണ്ടായി. ചിലർ കരുതുന്നത് ചിലരെ മാറ്റിയത് അവരോടുള്ള അനിഷ്ടം കാരണമാണെന്നാണ്. ഇവിടെ ഞാൻ ജമാഅത്തിന്റെ ഗുണമാണ് നോക്കിയത്. ജമാഅത്തിന് ഏറ്റവും ഗുണമുള്ളത് എവിടെയാണോ അവിടെ മാറ്റണം എന്നതാണ് നീതി പറയുന്നത്. അതു കൊണ്ട് അങ്ങിനെയുള്ള വകുപ്പുകളിൽ മാറ്റം ഉണ്ടായി. ഹൃദയാവസ്ഥ അല്ലാഹുവിനാണ് അറിയുക. ബാഹ്യമായ അവസ്ഥ നോക്കിയാണ് നമുക്ക് അഭിപ്രായം പറയാനും തീരുമാനമെടുക്കാനും കഴിയുകയുള്ളൂ. എന്നാൽ ചില പ്രാദേശിക ജമാഅത്തുകളിൽ, ചില നാടുകളിൽ ഇപ്പോഴും വ്യക്തിതാത്പര്യങ്ങളെയും ബന്ധങ്ങളെയും പരിഗണിച്ച് കൊണ്ട് തിരഞ്ഞെടുപ്പ് നടത്തിയിരിക്കുകയാണ്. അങ്ങനെയുള്ളവർക്ക് അല്ലാഹു ബുദ്ധി നൽകട്ടെ. അവരോട് കരുണ ചൊരിയട്ടെ. അവർ വ്യക്തിതാത്പര്യങ്ങളെ നീതിക്കതീതമായി കരുതുകയാണ്.

ഏതായിരുന്നാലും തിരഞ്ഞെടുപ്പ് കഴിഞ്ഞു, തിരഞ്ഞെടുക്കപ്പെട്ട ആളുകൾ തങ്ങളുടെ ബലഹീനതകളെ അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിച്ചു കൊണ്ട് അവനോട് മഗ്ഫിറത്തിനു വേണ്ടിയും സഹായത്തിനു വേണ്ടിയും അപേക്ഷിക്കുക. നീതിബോധത്തോടു കൂടി തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റുക. ഭാരവാഹിത്വം എന്നത് ഒരു സേവനമാണ്.

അല്ലാഹുവിന്റെ ഒരു ഫള്ലും സമ്മാനവുമാണ്. അതിനെ ആദരിക്കേണ്ടതാണ്. ജമാഅത്തംഗങ്ങളുമായുള്ള പെരുമാറ്റത്തിലും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും അവരുടെ ശിക്ഷണകാര്യത്തിൽ ശ്രദ്ധിക്കുന്നതിലും ജമാഅത്തിന്റെ ലക്ഷ്യങ്ങൾ കരസ്ഥമാക്കുന്നതിനുള്ള പ്രോഗ്രാം ഉണ്ടാക്കുന്നതിലും എല്ലാം നീതിബോധത്തോടു കൂടി പ്രവർത്തിക്കുക. കഠിനപ്രയത്നം ചെയ്യുക. നല്ലതു പോലെ പരിശ്രമിക്കുക. കാരണം **തഹ്കുമൂ ബിൽ അദ്ൽ** നീതിയോടു കൂടി ഭരണം നടത്തുക എന്ന കല്പന നടപ്പിൽ വരുത്തണമെങ്കിൽ നമ്മുടെ സർവ്വ കഴിവുകളും പ്രാപ്തിയും എല്ലാം ഉപയോഗിച്ചു കൊണ്ട് ദീനി സേവനത്തിനു ലഭിച്ചിരിക്കുന്ന ഈ അവസരം പ്രായോഗികവത്കരിക്കുമ്പോഴാണ് സാധിക്കുക. ഈ കല്പനയിൽ പ്രാദേശികാടിസ്ഥാനത്തിലും ദേശീയടിസ്ഥാനത്തിലുമുള്ള എല്ലാ ഭാരവാഹികളും ഉൾപ്പെടുന്നതാണ്. അവരെല്ലാം ഇവ്വിധ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ജമാഅത്തിന്റെ ഗുണമാണ് മറ്റെല്ലാ വ്യക്തിതാത്പര്യങ്ങളെക്കാളും മികച്ചു നിൽക്കേണ്ടത്. അല്ലാഹു പറയുന്നു: അവൻ എല്ലാം ശരിക്കും ശ്രദ്ധിക്കുന്നവനാണ്. നിങ്ങളുടെ ഓരോ നിമിഷനേരത്തെയും പ്രവർത്തനം അവന് അറിയാൻ സാധിക്കും. അതെല്ലാം രേഖപ്പെടുത്തപ്പെടുന്നുണ്ട്. അതു കൊണ്ട് ദീനി സേവനത്തിനു വേണ്ടി ലഭിച്ചിരിക്കുന്ന ഈ അവസരം ഒരു ദൈവിക വരദാനമായി കരുതി ഇനി മുതൽ പ്രവർത്തിക്കേണ്ടത് എല്ലാ തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെയും നിയമിക്കപ്പെട്ട ഭാരവാഹികളുടെയും കടമയാണ്. അല്ലാഹു ഭൗതിക ഭരണാധികാരികളോടു ചോദിക്കുന്നതാണ്. അവരോട് കണക്ക് ചോദിക്കുന്നതാണ്. എന്നാൽ ആരെങ്കിലും അല്ലാഹുവിന്റെ നാമത്തിൽ ഏതെങ്കിലും പ്രവർത്തനത്തിനായി നിയമിച്ചു കഴിഞ്ഞാൽ അവർ തങ്ങളുടെ കടമകൾ ശരിയാംവണ്ണം നിറവേറ്റുന്നില്ലെങ്കിൽ, നീതിബോധത്തോടു കൂടി തങ്ങളുടെ കടമകൾ നിറവേറ്റുന്നില്ലെങ്കിൽ അവർ ഭൗതിക ഭരണകർത്താക്കളേക്കാളും കൂടുതലായി ചോദിക്കപ്പെടുന്നതാണ്.

അതിനാൽ ഓരോരുത്തരും ഇസ്തിഗ്ഫാർ ചെയ്തു കൊണ്ട്, അല്ലാഹുവിനോട് സഹായം തേടിക്കൊണ്ട്, വിനയം കാണിച്ചുകൊണ്ട് തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റാനായി ശ്രമിക്കുക. അല്ലാഹു എല്ലാ ഭാരവാഹികൾക്കും സേവനം ചെയ്യുന്ന എല്ലാവർക്കും ഇതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഗാർഹിക പ്രശ്നങ്ങളിലും വ്യാപാര പ്രശ്നങ്ങളിലും ഭാരവാഹികളുടെ പ്രശ്നങ്ങളിലും നീതി നടപ്പിൽ വരുത്തിയതിന് ശേഷം അടുത്തതായി നീതി പുലർത്തുന്നതിനെ കുറിച്ച് ഏതെല്ലാം കല്പനകളാണ് ഇസ്‌ലാം നൽകുന്നത് എന്ന് നോക്കാം. സമൂഹത്തിൽ മാത്രമല്ല, ലോകം മുഴുവനും സമാധാനവും നീതിയും നടപ്പിൽ വരുത്താനുതകുന്ന ഒരു കല്പന നമുക്ക് കാണാൻ സാധിക്കുന്നതാണ്. അല്ലാഹു സൂറാ മാഇദയിലെ ഒമ്പതാമത്തെ ആയത്തിൽ പറയുന്നു:

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ كُونُواْ قَوَّٰمِينَ لِلَّهِ شُهَدَآءَ بِٱلْقِسْطِ ۖ وَلَا يَجْرِمَنَّكُمْ شَنَـَٔانُ قَوْمٍ عَلَىٰٓ أَلَّا تَعْدِلُواْ ۚ ٱعْدِلُواْ هُوَ أَقْرَبُ لِلتَّقْوَىٰ ۖ وَٱتَّقُواْ ٱللَّهَ ۚ إِنَّ ٱللَّهَ خَبِيرٌۢ بِمَا تَعْمَلُونَ ۝

വിശ്വസിച്ചവരേ! നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ നീതി പാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ്."

ലോകത്ത് നിന്ന് കുഴപ്പങ്ങൾ ഇല്ലാതാക്കുന്നതിനുള്ള എത്ര മനോഹരമായ അധ്യാപനമാണിത്. ഇസ്‌ലാമിനെ ആക്ഷേപിക്കുന്നവർ അവരുടെ ഭൗതിക നിയമത്തിലോ അവരുടെ ഏതെങ്കിലും മതപരമായ അധ്യാപനങ്ങളിലോ ഇത്രയും മനോഹരമായ അധ്യാപനം കാണിച്ചു തരില്ല. അല്ലാഹു വിശ്വാസികളോട് പറയുന്നത് **കവ്വാമീന ശുഹദാഅ ലില്ലാഹി** എന്നതാണ്. അല്ലാഹുവിനായി നിലനിൽക്കുക എന്നാണ്. അല്ലാഹുവിനായി നിലനിൽക്കുക എന്നതാണ് **ഖവ്വാം** എന്ന അറബി വാക്കിന്റെ അർത്ഥം തന്റെ ജോലി വളരെ ഭംഗിയായി യാതൊരു ന്യൂനതയും ഇല്ലാതെ സ്ഥിരചിത്തതയോടു കൂടി നിർവ്വഹിക്കുന്നതിനാണ് പറയുക. ഒരു യഥാർത്ഥ വിശ്വാസി അല്ലാഹുവിന് വേണ്ടിയാണ് പ്രവർത്തിക്കുന്നത്. അതിൽ ഒരു കുറവ് വരുവാൻ അനുവദിക്കുന്നതല്ല. അതിൽ അലസത പ്രകടിപ്പിക്കുകയുമില്ല. വ്യക്തിതാത്പര്യങ്ങളെ പിൻപറ്റുകയുമില്ല. വിശ്വാസിയുടെ പ്രവർത്തി എന്നത് നീതിയോടു കുടി സാക്ഷ്യം പറയുക എന്നതാണ്. നീതി എന്താണ് ആഗ്രഹിക്കുന്നത് ? ഭാര്യയോടും കുടുംബത്തോടും മാത്രം നീതി പാലിക്കുക എന്നതല്ല. തന്റെ കൂടെ ബിസിനസ് നടത്തുന്നവരോടും തന്റെ മേലുദ്യോഗസ്ഥനോടും കീഴുദ്യോഗസ്ഥനോടും നീതി നടപ്പിൽ വരുത്തുക എന്നതു മാത്രമല്ല. മറിച്ച് നീതിയുടെ അളവുകോൽ അല്ലാഹു പറയുന്നത് ശത്രുക്കളോട് നീതി പാലിക്കുക എന്നതാണ്. ശത്രുവിനോടു പോലും നീതിയോടും ന്യായത്തോടും കൂടി വർത്തിക്കുമ്പോഴാണ് യഥാർത്ഥ തഖ്‌വ സ്വായത്തമാകുന്നത്. ഒരു യഥാർത്ഥ വിശ്വാസി ആണെന്ന സ്ഥാനം അപ്പോഴാണ് കരസ്ഥമാകുക. തബ്ലീഗിനുള്ള വഴി തുറക്കപ്പെടുന്നത് അപ്പോഴായിരിക്കും. ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനം മറ്റുള്ളവർക്ക് വ്യക്തമാകുന്നതും അപ്പോഴായിരിക്കും. ഈ വചനത്തിന്റെ അവസാനത്തിലും അല്ലാഹു പറയുന്നത് നിങ്ങളുടെ ഓരോ പ്രവർത്തിയും അല്ലാഹു കാണുന്നുണ്ടെന്നാണ്. ഈ ഒരു സ്ഥാനം നിങ്ങൾ കരസ്ഥമാക്കിയിട്ടില്ലെങ്കിൽ തഖ്‌വയിൽ ചരിക്കുന്നവരാണെന്ന് നിങ്ങളെ കുറിച്ച് പറയാൻ കഴിയില്ല. **ഖവാം** എന്ന് പറഞ്ഞു കൊണ്ട് നീതിയിൽ എപ്പോഴും അടിയുറച്ച് നിൽക്കും എന്നാണ് അല്ലാഹു പറയുന്നത്. ഇതു സംബന്ധമായി ഹ : മസീഹ് മൗഊദ് (അ) പറയുന്നു: "പൂർണ്ണമായും സത്യത്തിൽ അടിയുറച്ച് നിൽക്കാതെ നീതിയിൽ നിലനിൽക്കാൻ കഴിയില്ല എന്ന് അല്ലാഹു പറഞ്ഞത് ഇതാണ്.

لَا يَجْرِمَنَّكُمْ شَنَـَٔانُ قَوْمٍ عَلَىٰٓ أَلَّا تَعْدِلُواْ ۚ ٱعْدِلُواْ هُوَ أَقْرَبُ لِلتَّقْوَىٰ ۖ

ശത്രുജനത്തിനോടുള്ള ശത്രുത പോലും നീതി നടപ്പിൽ വരുത്തുന്നതിന് നിങ്ങൾക്ക് തടസ്സമായി നിൽക്കരുത്. നീതിയിൽ അടിയുറച്ച് നിൽക്കുക. ഇതിലാണ് തഖ്‌വയുള്ളത്. അന്യായമായ രീതിയിൽ ഉപദ്രവിക്കുകയും കഷ്ടതകൾ

നൽകുകയും രക്തം ചിന്തിയും പുറത്താക്കുകയും കുട്ടികളെയും സ്ത്രീകളെയും വധിക്കുകയും ചെയ്യുന്ന സമൂഹം, മക്കയിലെ നിഷേധികൾ ചെയ്തതുപോലെ; മാത്രമല്ല യുദ്ധത്തിൽ നിന്നും പിൻമാറാത്ത സമൂഹം, അങ്ങനെയുള്ളവരോട് നീതിയോടു കൂടി പ്രശ്നങ്ങൾ പരിഹരിക്കുക എന്നത് എന്തു മാത്രം പ്രയാസമുള്ള കാര്യമാണ്. എന്നാൽ വിശുദ്ധ ഖുർആൻ അങ്ങനെയുള്ള കഠിനശത്രുക്കളുടെ അവകാശം പോലും നൽകാനാണ് പറയുന്നത്. അവരോട് നീതിയോടും ന്യായത്തോടും കൂടി വർത്തിക്കാൻ ഉപദേശിക്കുകയും ചെയ്തു. എന്നാൽ താങ്കൾ (ചോദ്യം ഉന്നയിച്ച വ്യക്തി) വിദ്വേഷത്തിൽ നിറഞ്ഞിരിക്കുകയാണ്. ഈ പരിപാവനമായ അധ്യാപനങ്ങൾ എങ്ങനെ താങ്കൾക്ക് മനസ്സിലാക്കാൻ കഴിയും.

ബൈബിളിൽ ശത്രുക്കളെ സ്നേഹിക്കാനായി എഴുതിയത് കാണാം. ശത്രുസമൂഹത്തോടുള്ള ശത്രുത നിങ്ങളെ നീതി നടപ്പിൽ വരുത്തുന്നതിന് തടസ്സമായി നിൽക്കരുത് എന്നെഴുതിയിട്ടില്ല. ശത്രുക്കളോട് സ്നേഹത്തോടെ ബന്ധപ്പെടുക എന്നത് എളുപ്പമുള്ള കാര്യമാണെന്നത് ശരി തന്നെ. എന്നാൽ ശത്രുക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുക, പ്രശ്നങ്ങൾ വരുമ്പോൾ നീതിയെ കയ്യൊഴിയാതിരിക്കുക എന്നത് വളരെ പ്രയാസമുള്ള കാര്യമാണ്. ഇത് വീരപുരുഷന്മാരുടെ പ്രവർത്തിയാണ്. പലരും തന്റെ കൂടെയുള്ള ശത്രുക്കളെ സ്നേഹിക്കുന്നു. മധുര മോഹനവാക്കുകൾ അവരോട് പറയുന്നു. എന്നാൽ അവരുടെ അവകാശങ്ങൾ ധ്വംസിക്കുന്നു. ഒരു സഹോദരൻ മറ്റൊരു സഹോദരനെ സ്നേഹിക്കുന്നു. എന്നാൽ സ്നേഹത്തിന്റെ മറവിൽ വഞ്ചിച്ചുകൊണ്ട് അവന്റെ അവകാശങ്ങൾ നിഷേധിക്കുന്നു. ഉദാഹരണമായി ഭൂ ഉടമയാണെങ്കിൽ ചതിയിലൂടെ തന്റെ സഹോദരന്റെ പേര് സർക്കാർ റജിസ്ട്രറിൽ ചേർക്കുന്നില്ല. എന്നാൽ അവനോട് വല്ലാത്ത സനേഹം പ്രകടിപ്പിക്കുകയും അവന് വേണ്ടി എല്ലാം ത്യജിക്കാൻ തയ്യാറാവുകയും ചെയ്യുന്നു. അതു കൊണ്ടാണ് അല്ലാഹു ഇവിടെ സ്നേഹത്തെ കുറിച്ച് പറയാതിരുന്നത്. മറിച്ച് സ്നേഹത്തിന്റെ പദവി എത്ര മാത്രമായിരിക്കണമെന്നാണ് പറയുന്നത്. (സ്നേഹിക്കുക എന്ന് പറയാതെ സ്നേഹത്തിന്റെ നിലവാരം എത്രയായിരിക്കണം എന്നാണ് പറയുന്നത്) പറയുന്നു: നീതി പുലർത്തുക. തന്റെ കൊടിയ ശത്രുവിനോട് നീതി പാലിക്കുന്നവർ, സത്യത്തിൽ നിന്നും നീതിയിൽ നിന്നും മുഖം തിരിക്കുന്നില്ലെങ്കിൽ യഥാർത്ഥത്തിൽ സ്നേഹിക്കുന്നവരും അവരായിരിക്കും"

ചുരുക്കത്തിൽ ഈ ഒരു ഉന്നത സ്ഥാനമാണ് നാം കരസ്ഥമാക്കാനായി ശ്രമിക്കേണ്ടത്.

നീതിയുടെയും ന്യായത്തിന്റെയും നിലവാരം സമൂഹത്തിലും രാജ്യത്തും നടപ്പിലാക്കാൻ കല്പ്പിച്ചതിനെകുറിച്ച് ഞാൻ പറഞ്ഞു കഴിഞ്ഞു. അടുത്ത കല്പന അല്ലാഹു നൽകുന്നത് بِعَهْدِاللّٰهِ اَوْفُوْا അല്ലാഹുവിനോട് ചെയ്ത കരാറുകളെ നിറവേറ്റുക. ഇസ്‌ലാമിന്റെ മറ്റൊരു മനോഹര അധ്യാപനത്തിലേക്കും അല്ലാഹുവിന്റെ ഒരു കല്പനയിലേക്കുമാണ് ഇവിടെ വിരൽ ചൂണ്ടുന്നത്. എല്ലാ കല്പനകളുമനുസരിച്ച് പ്രവർത്തിക്കുക എന്നത് മനുഷ്യന്റെ ഭൗതികവും ആത്മികവുമായ സൗന്ദര്യത്തിന് അനുപേക്ഷണീയ്യമാണ്.

വിവിധ സന്ദർഭങ്ങളിലായി അല്ലാഹു വിശുദ്ധ ഖുർആനിൽ വിവിധ കല്പനകൾ നൽകിയപ്പോൾ കൂടെ പറഞ്ഞത് എല്ലാ പ്രവർത്തനവും അല്ലാഹുവിന്റെ പ്രീതിക്കായിരിക്കണം ചെയ്യേണ്ടത് എന്നാണ്. നിങ്ങളുടെ ഹൃദയം ശുദ്ധമാകുമ്പോഴാണ് ഇങ്ങനെ ചെയ്യാൻ സാധിക്കുക. ഞാൻ ചെയ്യുന്ന ഓരോ പ്രവർത്തിയും തന്നെ എന്റെ നാഥനോട് ഞാൻ ചെയ്തിരിക്കുന്ന ഓരോ കരാറും നിറവേറ്റുകയാണ് എന്ന വികാരം ഹൃദയത്തിൽ ഉണ്ടായിരിക്കുമ്പോഴാണ് ഇങ്ങനെ ചെയ്യാൻ സാധിക്കുക. ഒരു അഹ്മദി അല്ലാഹുവിനോട് ചെയ്യുന്ന ഏറ്റവും സുപ്രധാനമായ കരാർ ബൈഅത്തിന്റെ പ്രതിജ്ഞയാണ്. ഈ പ്രതിജ്ഞയുടെ യാഥാർത്ഥ്യം നാം മനസ്സിലാക്കുകയാണെങ്കിൽ എല്ലാ കല്പനകളും അനുസരിച്ച് പ്രവർത്തിക്കുന്നതിലേക്കും നന്മ ചെയ്യുന്നതിലേക്കും ശ്രദ്ധയുണ്ടായിത്തീരുന്നതാണ്. ഹദ്റത് മസീഹ് മൗഊദ്(അ) ബൈഅത്തിന്റെ നിബന്ധനയിൽ വാങ്ങിയിരിക്കുന്ന പ്രതിജ്ഞ നാം ഇടക്കിടക്ക് ഓർക്കുകയാണെങ്കിൽ അഹ്മദിയ്യാ സമൂഹം തീർച്ചയായും പരിശുദ്ധ സമൂഹമായിത്തീരുന്നതാണ്. കാരണം അവ്വിധമുള്ള കാര്യങ്ങളാണ് അതിൽ പറഞ്ഞിരിക്കുന്നത്. ബൈഅത്ത് ചെയ്യുമ്പോൾ ഏതെല്ലാം പ്രതിജ്ഞകളാണ് നാം എടുക്കുന്നതെന്ന് ചുരുങ്ങിയ രീതിയിൽ പറയാം.

ഒന്നാമത്തെ കാര്യം ജീവിതാന്ത്യം വരെ ശിർക്ക് ചെയ്യില്ല എന്നതാണ്. ശിർക്കിന്റെ വിവിധ വശങ്ങളുണ്ട്. ഇതിനെ കുറിച്ച് നേരത്തെ റമദാൻ മാസത്തിലെ പ്രാരംഭ ഖുത്വുബയിൽ വിശദമായി ചർച്ച ചെയ്തതാണ്.

രണ്ടാമത്തെ കാര്യം കളവ്, വ്യഭിചാരം, ദുർനോട്ടം നീചകൃത്യങ്ങൾ, നിശിദ്ധകാര്യങ്ങൾ, വഞ്ചന, രാജ്യദ്രോഹം, കുഴപ്പമുണ്ടാക്കൽ എന്നിവയിൽ നിന്നെല്ലാം വിട്ടുനിൽക്കുന്നതാണ് എന്നതാണ്. ഇവയും നീചകൃത്യങ്ങൾ എന്ന കാര്യം പറഞ്ഞപ്പോൾ വിശദീകരിക്കുകയുണ്ടായി. ഒരിക്കലും ഇവയെ തങ്ങളെ കീഴ്പ്പെടുത്താൻ അനുവദിക്കരുത്.

അടുത്തത് നമസ്കാരം കൃത്യമായി അനുഷ്ടിക്കൽ, സ്വലാത്ത് ചെയ്യൽ ഇസ്തിഗ്ഫാറിന് ഊന്നൽ നൽകൽ, അതിൽ സ്ഥിരചിത്തത കാണിക്കൽ എന്നിവയാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ഓർക്കുകയും അവനെ സ്തുതിക്കുകയും ചെയ്യുക.

ഇവിടെ വന്നിരിക്കുന്ന പലരും പാക്കിസ്ഥാനിലുള്ള മോശമായ സാഹചര്യത്തിന്റെ പേരിലാണ് വന്നത്. അവരോട് അല്ലാഹു വലിയ ഔദാര്യമാണ് ചെയ്തത്. സാതന്ത്ര്യം നൽകി. സാമ്പത്തികമായും വളരെ നല്ല അവസ്ഥയിൽ എത്തിക്കുകയുണ്ടായി. ഇതിൽ ഒരു തരത്തിലുമുള്ള അഹങ്കാരവും പൊങ്ങച്ചവും കാണിക്കാതെ അല്ലാഹുവിനെ സ്തുതിക്കുകയാണ് വേണ്ടത്. അവന്റെ അനുഗ്രഹങ്ങൾക്ക് നന്ദിയുള്ളവരായിത്തീരുകയാണ് വേണ്ടത്.

അടുത്തതായി പറഞ്ഞത് ആർക്കും ഒരു തരത്തിലുമുള്ള പ്രയാസം നൽകരുത്. അല്ലാഹുവിനോട് കൂറു പുലർത്തുക. ഒരിക്കലും പരാതിപ്പെടാൻ പാടില്ല. അല്ലാഹു അനുഗ്രഹം നൽകുമ്പോൾ അവന് നന്ദിയുള്ളവനായിത്തീരുന്നതാണ്. ഇനി പരീക്ഷണങ്ങളിലൂടെ കടന്നു പോകേണ്ടി വന്നാൽ അപ്പോഴും ഒരു പരാതിയും ഉണ്ടാകാൻ പാടില്ല. ലോകത്തുള്ള അനാചരങ്ങളിൽ നിന്ന് സ്വാതന്ത്രനായിക്കൊണ്ട് നാനാ

തരം ദേഹേച്ഛകളിൽ നിന്നും സ്വയം രക്ഷപ്പെട്ട് കൊണ്ട് അല്ലാഹുവിന്റെയും അവന്റെ റസൂൽ(സ) യുടെയും കല്പന കളനുസരിച്ച് പ്രവർത്തിക്കുന്നതായിരിക്കും. അഹങ്കാരവും പൊങ്ങച്ചവും ഉപേക്ഷിച്ചുകൊണ്ട് വിനയസ്വഭാവം സ്വീകരി ക്കുന്നതായിരിക്കും. ഇസ്‌ലാമിന്റെ അഭിമാനം തന്റെ ജീവനേ ക്കാളും ധനത്തേക്കാളും മക്കളെക്കാളും പ്രിയപ്പെട്ടതായി കരു തുന്നതാണ്. സൃഷ്ടികളോടും മാനവസമൂഹത്തോടും സഹാ നുഭൂതി പ്രകടിപ്പിച്ചുകൊണ്ട് തന്റെ സർവ്വ വിധ കഴിവുകളും അവരുടെ സേവനത്തിനായി സമർപ്പിക്കുന്നതാണ്. സൃഷ്ടി സേവനത്തിനുള്ള ആവേശം വളരെ കൂടുതലായിരിക്കേണ്ട താണ്. ഹ: മസീഹ് മൗഊദ് (അ) നോടുള്ള സ്നേഹത്തിലും അനുസരണത്തിലും അനിതരസാധാരണമായ മാതൃക പ്രക ടിപ്പിക്കുന്നതാണ്. മറ്റൊന്നിനും ഈ സ്ഥാനം നൽകാതിരി ക്കുക.

ചുരുക്കത്തിൽ അഹ്മദിയ്യത്തിൽ പ്രവേശിക്കുമ്പോൾ നാം ചെയ്തിരിക്കുന്ന കരാറാണിത്. ഈ കരാറിനെ നാം എത്ര മാത്രം നിറവേറ്റുന്നുണ്ട് എന്ന് ഒരാത്മപരിശോധന നടത്തേ ണ്ടിയിരിക്കുന്നു. റമദാനിൽ പല നന്മകളും ചെയ്യാനുള്ള അവ സരം ലഭിക്കുന്നു. അതുകൊണ്ട് ഇന്ന് അവസാന ദിവസ മാണ്. മാത്രമല്ല വർഷം മുഴുവനും നാം ഒരാത്മ പരിശോധന നടത്തികൊണ്ടിരിക്കണം. നമുക്ക് ചെയ്യാൻ കഴിഞ്ഞ നന്മകൾ നമുക്ക് നിലനിർത്താൻ കഴിഞ്ഞിട്ടുണ്ടോ എന്നും ബൈഅ ത്തിന്റെ പ്രതിജ്ഞ എത്രമാത്രം നാം നിറവേറ്റുന്നുണ്ട് എന്നും പരിശോധിക്കേണ്ടതാണ്. അല്ലാഹുവോട് കൂറ് പുലർത്തു മെന്ന് പറഞ്ഞത് നാം നിറവേറ്റുന്നുണ്ടോ എന്നും നോക്കണം. അല്ലാഹു പറയുന്നു: ഈ പ്രതിജ്ഞ നിങ്ങൾ ചെയ്യുകയാണെ ങ്കിൽ മഹത്തായ പ്രതിഫലം നിങ്ങൾക്ക് ലഭിക്കുന്നതാണ്. നിങ്ങൾക്ക് ഒരിക്കലും ചിന്തിക്കാൻ കഴിയാത്തത്ര പ്രതിഫ ലം ലഭിക്കുന്നതാണ്. ഈ പ്രതിജ്ഞ ചെയ്ത് പ്രവർത്തിക്കുക. അല്ലാഹുവിനോട് ചെയ്തിരിക്കുന്ന പ്രതിജ്ഞകളെ നിങ്ങൾ നിറവേറ്റുകയാണെങ്കിൽ അല്ലാഹു നിങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുകയും നാനാതരം മാലിന്യങ്ങളിൽ നിന്നും ശുദ്ധമാക്കി അവന്റെ സാമീപ്യം കരസ്ഥമാക്കിയ മുത്തഖീ ങ്ങളിൽ അവർ ഉൾപ്പെടുകയും ചെയ്യുന്നതാണ്. അവരെ അല്ലാഹു സ്നേഹിക്കുന്നു. പ്രതിജ്ഞകൾ പാലിച്ചിട്ടില്ലെങ്കി ൽ അനുഗ്രഹങ്ങൾ ലഭിക്കില്ല എന്ന് മാത്രമല്ല, മറിച്ച് നിങ്ങ ളോട് നിങ്ങളുടെ പ്രതിജ്ഞകളെ കുറിച്ച് ചോദിക്കുന്നതാണ്. ഇതിൽ എല്ലാ പ്രതിജ്ഞകളും ഉടമ്പടികളും ഉൾപ്പെടുന്നു. അല്ലാഹുവിനോട് ചെയ്തിരിക്കുന്ന കരാറുകളെ കുറിച്ച് ചോദിക്കപ്പെടുന്നതാണ്. വിശുദ്ധ ഖുർആന്റെ അടിസ്ഥാന ത്തിൽ സൃഷ്ടികളോട് ചെയ്തിരിക്കുന്ന പ്രതിജ്ഞകളെ കുറിച്ചും കരാറുകളെ കുറിച്ചും അത് പൂർത്തിയാക്കിയിട്ടില്ലെ ങ്കിൽ ചോദിക്കുന്നതാണ്. ഉദാഹരണമായി കഴിഞ്ഞ ഖുത്വു ബയിൽ അനാഥരുടെ സംരക്ഷണത്തെ കുറിച്ച് പറയുകയു ണ്ടായി. അവരുടെ സംരക്ഷണം ഏറ്റെടുക്കുന്നതിനെ കുറിച്ചും അതൊരു കരാറായിട്ടാണ് പറഞ്ഞത്. നിങ്ങൾ ഈ ഉത്തരവാ ദിത്വത്തെ നിറവേറ്റുന്നില്ലെങ്കിൽ നിങ്ങൾ കരാർലംഘനമാ ണ് ചെയ്യുന്നത്. ഇതു സംബന്ധമായി അല്ലാഹു നാളെ ചോ ദിക്കുന്നതാണ്. ഇതേ പോലെ ഭരണാധികാരികൾ അവർ തങ്ങളുടെ ഭരണചക്രം ശരിയാം വണ്ണം ചലിപ്പിക്കുന്നില്ലെ ങ്കിൽ അവരും ചോദിക്കപ്പെടുന്നതാണ്. പൊതുജനങ്ങളുടെ അവകാശം നൽകുന്നില്ലെങ്കിൽ അവർ ചോദിക്കപ്പെടുന്ന താണ്. ദൗർഭാഗ്യമെന്ന് പറയട്ടെ മുസ്‌ലിം നാടുകളിലുള്ള നേതാക്കന്മാരുടെ പൊതു അവസ്ഥ ഇതാണ്. അവർ തങ്ങ ളുടെ കടമകൾ നീതിപൂർവ്വം നിർവ്വഹിക്കുകയോ ജനങ്ങ ളുടെ അവകാശങ്ങൾ നൽകുകയോ ചെയ്യുന്നില്ല. അല്ലാഹു ചോദിക്കില്ല എന്ന് കരുതി നിർഭയരായിക്കുകയാണ്. അല്ലാ ഹു പറയുന്നു: തീർച്ചയായും നിങ്ങൾ ചോദിക്കപ്പെടുന്ന താണ്.

ഭാരവാഹികളെ കുറിച്ച് നേരത്തെ പറഞ്ഞതാണ്. അവർ നീതിയോടു കൂടി പെരുമാറുക. അവർ അവരുടെ കടമ നിറ വേറ്റുന്നില്ലെങ്കിൽ, ജമാഅത്ത് പ്രവർത്തനത്തിനായി ആവശ്യ മായ സമയം നൽകുന്നില്ലെങ്കിൽ, ആലോചിച്ച് തീരുമാനമെ ടുക്കുന്നില്ലെങ്കിൽ, ജമാഅത്തംഗങ്ങളുടെ പ്രശ്നങ്ങളിൽ നീതിക്ക് മുൻതൂക്കം നൽകുന്നില്ലെങ്കിൽ അവരും അല്ലാഹു വിന്റെ മുമ്പിൽ മറുപടി പറയേണ്ടതായി വരും. ഒരു സാധാ രണ അഹ്മദി ഏതെല്ലാം പ്രതിജ്ഞകളാണ്, കടമകളാണ് നിറവേറ്റേണ്ടത് എന്നതിനെ കുറിച്ച് ഞാൻ പറഞ്ഞു വന്ന താണ്. ബൈഅത്തിൽ പറയപ്പെട്ട കാര്യങ്ങൾ നിറവേറ്റുന്നി ല്ലെങ്കിൽ അല്ലാഹുവിന്റെ മുമ്പിൽ മറുപടി പറയേണ്ടതായി വരുന്നതാണ്.

മറ്റൊരു സുപ്രധാന കരാറിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണി ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഓരോ നാട്ടിലെ പൗരന്മാരും അല്ലാഹുവിനെ സാക്ഷിയാക്കിക്കൊണ്ട് വിശുദ്ധഖുർആനെ സാക്ഷിയാക്കിക്കൊണ്ട് ചില സന്ദർഭങ്ങളിൽ രാജ്യത്തിന്റെ രാജാവിന്റെ പേരിൽ പ്രതിജ്ഞ എടുക്കുന്നു. രാജാവിന്റെ പേരിലാണെങ്കിലും പ്രതിജ്ഞ നിറവേറ്റേണ്ടതുതന്നെയാണ്. അത് പൂർത്തിയാക്കേണ്ടത് ഒരു മുസ്‌ലിമിന് നിർബന്ധമാണ്. പൂർത്തിയാക്കാതിരിക്കുക എന്നത് വിശ്വാസത്തിലുള്ള കുറ വാണ്. തിരുനബി(സ) പറയുകയുണ്ടായി ദേശസ്നേഹം വിശ്വാസത്തിന്റെ ഭാഗമാണ്. ഇതിന്റെ സൂക്ഷ്മവശങ്ങളെ കുറിച്ചും അഹ്മദികൾ ശ്രദ്ധിക്കേണ്ടതാണ്.

ചിലർ ചില സ്ഥലങ്ങളിൽ തങ്ങളുടെ വ്യവസായം നടത്തു മ്പോൾ അതിലുള്ള തൊഴിലാളികൾക്ക് ശമ്പളം കുറച്ച് നൽ കുകയും, അല്ലെങ്കിൽ ശമ്പളം കുറച്ച് കാണിക്കുകയും ബാ ക്കിയുള്ള ബെനിഫിറ്റ് കൗൺസിലിനോട് ആവശ്യപ്പെടാൻ പറയുകയും ചെയ്യുന്ന വിവരം എനിക്ക് ലഭിച്ചിട്ടുണ്ട്. അവർ തൊഴിലാളികളോട് പറയുന്നത് ഞങ്ങൾ നിങ്ങളുടെ ഗുണ ത്തിനായാണ് ഇത് പറയുന്നത് എന്നാണ്. എന്നാൽ യാഥാർ ത്ഥത്തിൽ നടക്കുന്നതെന്താണ്. സ്വയം കളവ് പറയുന്നതോ ടൊപ്പം മറ്റുള്ളവരെയും നിർബന്ധിച്ച് കളവ് പറയിപ്പിക്കുന്നു. സ്വയം കരാർലംഘനം നടത്തുന്നു. അവരെയും കരാർ ലംഘ നത്തിന് പ്രേരിപ്പിക്കുന്നു. സത്യത്തിൽ ഇവർ തങ്ങളുടെ നേട്ട മാണ് കൊയ്യുന്നത്. ഇങ്ങനെ സമ്പാദിക്കുന്ന ധനത്തിന് ടാക് സും നൽകുന്നില്ല. ഇതു മുഖേന ഗവൺമെന്റിന് നഷ്ടം വരുന്നു. ഭരണകൂടത്തോട് ചെയ്തിരിക്കുന്ന കരാർലംഘന മാണിത്. തൊഴിലാളികൾക്ക് കുറഞ്ഞ വേതനം നൽകിയും അല്ലെങ്കിൽ ജോലിക്കനുഗുണമായി കൂലി നൽകാതെ കൗൺ സിലിനോട് ബാക്കി വാങ്ങുക എന്നതും പൊതു ഖജനാവിന് നഷ്ടം വരുത്തി വെക്കുന്നതാണ്. ഇവ്വിധ കാര്യങ്ങളെല്ലാം

തന്നെ അക്രമമാണ്, കരാർലംഘനമാണ്. ഒരു നാടിന്റെ പൗരത്വം വാങ്ങുമ്പോൾ ഒരാൾ ചെയ്യുന്ന പ്രതിജ്ഞ ലംഘനമാണിത്. ഇത് ബൈഅത്തിന്റെ പ്രതിജ്ഞയെയും ലംഘിക്കലാണ്. അതിൽ പറയുന്നത് ഞാൻ എപ്പോഴും സത്യത്തിൽ അധിഷ്ഠിതമായി നിൽക്കും എന്നാണ്. ചുരുക്കത്തിൽ ഗവൺമെന്റിനോട് ചെയ്ത പ്രതിജ്ഞകളും അല്ലാഹുവിനോട് ചെയ്ത പ്രതിജ്ഞയും ലംഘിക്കുകയാണ് ചെയ്യുന്നത്. അങ്ങനെയുള്ളവർ കുറ്റക്കാരായിത്തീരുന്നു. അതിനാൽ ഒരഹ്മദിയും ഓരോ കാര്യവും പരിശോധനാ വിധേയമാക്കേണ്ടതാണ്.

പ്രതിജ്ഞ നിറവേറ്റാത്തതു കാരണം ഉണ്ടാകുന്ന മറ്റൊരു പ്രശ്നം കൂടി ഞാൻ പറയാം. അത് ഒരു വീട്ടിൽ നിന്നും പുറപ്പെട്ട് രണ്ടു വീടുകളും കുടുംബത്തിലും സമൂഹത്തിലും അസ്വസ്ഥതക്ക് കാരണമാകുന്നു. കുലാഅ്, ത്വലാഖ് സമയങ്ങളിൽ അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കാത്തതാണത്. അതിനെ കുറിച്ച് നേരത്തെ പറഞ്ഞിട്ടുള്ളതാണ്. ഇവിടെ പ്രതിജ്ഞാ ലംഘനം നടക്കുന്നു. ഇങ്ങനെയുള്ള പ്രശ്നങ്ങളിൽ നേരത്തെ പറഞ്ഞതു പോലെ നീതിയോടും കാര്യങ്ങളും നേരെ ചൊവ്വേ പറയുന്നതിലൂടെയും പരിഹാരത്തിന് ശ്രമിച്ചാൽ പരിഹരിക്കപ്പെടുന്നതാണ്. പ്രശ്നങ്ങൾ തന്നെയുണ്ടാകില്ല. ഇനി പ്രശ്നങ്ങൾ ഉണ്ടായാൽ തന്നെ ഭാര്യഭർതൃ ബന്ധത്തിൽ അകൽച്ചയുണ്ടാകുമ്പോൾ അല്ലാഹു നമുക്ക് നൽകിയിരിക്കുന്ന ഉപദേശം ശ്രദ്ധിക്കേണ്ടതാണ്. പ്രത്യേകിച്ച് ഭർത്താവ് ഈ കാര്യം ശ്രദ്ധിക്കേണ്ടതാണ്. അല്ലാഹു പറയുന്നു.

وَاِنْ اَرَدْتُّمُ اسْتِبْدَالَ زَوْجٍ مَّكَانَ زَوْجٍ ۙ وَّاٰتَيْتُمْ اِحْدٰىهُنَّ قِنْطَارًا
فَلَا تَاْخُذُوْا مِنْهُ شَيْـًٔا ؕ اَتَاْخُذُوْنَهٗ بُهْتَانًا وَّاِثْمًا مُّبِيْنًا ۝٢١ وَكَيْفَ تَاْخُذُوْنَهٗ
وَقَدْ اَفْضٰى بَعْضُكُمْ اِلٰى بَعْضٍ وَّاَخَذْنَ مِنْكُمْ مِّيْثَاقًا غَلِيْظًا ۝٢٢ (4:21,22)

നിങ്ങൾ ഒരു ഭാര്യയുടെ സ്ഥാനത്ത് മറ്റൊരു ഭാര്യയെ പകരം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന പക്ഷം അവരിൽ ഒരുവൾക്ക് നിങ്ങൾ ഒരു കൂമ്പാരം ധനം തന്നെ കൊടുത്തിട്ടുണ്ടായിരുന്നുവെങ്കിലും അതിൽ നിന്ന് യാതൊന്നും തന്നെ നിങ്ങൾ തിരിച്ചു വാങ്ങരുത്. കള്ള ആരോപണം ചുമത്തിക്കൊണ്ടും പ്രത്യക്ഷമായ അധർമ്മം ചെയ്തു കൊണ്ടും നിങ്ങളത് മേടിക്കുമോ? നിങ്ങൾ പരസ്പരം ഒട്ടിച്ചേർന്ന് ജീവിക്കുകയും അവർ നിങ്ങളിൽ നിന്ന് ഉറച്ച കരാർ വാങ്ങുകയും ചെയ്ത സ്ഥിതിക്ക് നിങ്ങൾ അതെങ്ങനെ തിരിച്ച് വാങ്ങും ?

നമ്മുടെ ഇടയിൽ ഖുലാഅ്, തലാഖ് പ്രശ്നങ്ങളിൽ ഈ കൽപനയനുസരിച്ച് പ്രവർത്തിച്ചിരുന്നെങ്കിൽ ദീർഘകാലമായി ഖസായിൽ നടന്നു വരുന്ന കേസ്സുകൾ ഉണ്ടാകുമായിരുന്നില്ല. ചിലർ ത്വലാഖ് നൽകി കള്ള ആരോപണം ഉന്നയിക്കുന്നു. ഇത് വ്യക്തമായ പാപമാണ്. വല്ല യാഥാർത്ഥ്യവുമുണ്ടെങ്കിൽ തന്നെ അല്ലാഹുവിലേക്ക് കാര്യങ്ങൾ വിടുകയാണ് വേണ്ടത്. സാക്ഷ്യം നൽകുന്നതിന് വിവിധ നിബന്ധനകളുണ്ട്.

മറ്റൊരു സുപ്രധാന കാര്യം വിവാഹം എന്നത് ഒരുടമ്പടിയാണ്. സ്ത്രീയും പുരുഷനും തമ്മിലുള്ള ഒരു ഉടമ്പടിയാണ്. ഭാര്യയും ഭർത്താവും തമ്മിലും ചില ഉടമ്പടികൾ ഉണ്ടാകും. അതിൽ ബാഹ്യവുമായി ഒരു തെളിവും ഉണ്ടായിരിക്കില്ല. എന്നാൽ തന്നെയും ആ ഉടമ്പടികളും പൂർത്തിയാക്കണമെന്ന് അല്ലാഹു പറയുന്നു. അല്ലാഹു എല്ലാ സ്ഥലത്തുമുണ്ട്. എന്തെങ്കിലും കാരണത്താൽ ഈ ബന്ധം ഉപേക്ഷിക്കുകയാണെങ്കിൽ നിങ്ങൾ രഹസ്യമായി പറഞ്ഞ കാര്യങ്ങൾ പുറത്ത് പറയാൻ പാടില്ല. നിങ്ങൾ നൽകിയിരിക്കുന്ന വസ്തുക്കളെ കുറിച്ച് ചോദിക്കാൻ പാടില്ല. ചില സന്ദർഭങ്ങളിൽ പെൺകുട്ടിയുടെ ഭാഗത്ത് നിന്ന് വ്യക്തമായ അന്യായം ചെയ്യപ്പെട്ടിട്ടുണ്ടെന്ന് ഖാസിക്ക് വ്യക്തമായാലൊഴികെ പുരുഷൻ സ്ത്രീക്ക് ഏതവസ്ഥയിലും മഹർ നൽകുക തന്നെ വേണം. ഖുലാഅ് ആയതു കൊണ്ട് മഹർ നൽകേണ്ട എന്ന ഒഴികഴിവൊന്നും പാടില്ല. ഇതിന് ഹഖ് മഹറുമായി ബന്ധമില്ല. ഇതിന്റെ മറ്റു വശങ്ങളുമുണ്ട്. എന്നാൽ ഞാൻ ഇപ്പോൾ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നത് ഒരു കാര്യത്തിലേക്ക് മാത്രമാണ്.

പുരുഷനും സ്ത്രീയും മനസ്സിലാക്കേണ്ടത് വിവാഹം ഒരു ഉടമ്പടിയാണ്. ആ ഉടമ്പടി പാലിക്കാൻ പരമാവധി ശ്രമിക്കേണ്ടതാണ്. ഇനി വല്ല കാരണവശാലും ഈ ഉടമ്പടി അവസാനിപ്പിക്കുകയാണെങ്കിൽ തന്നെ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. രഹസ്യങ്ങൾ സൂക്ഷിക്കേണ്ടതാണ്. ഇവിടെ അല്ലാഹു സ്ത്രീക്ക് തുല്യ അവകാശം നൽകിയിട്ടുണ്ടെങ്കിൽ സ്ത്രീകൾ തങ്ങളുടെ കാര്യങ്ങളും ശരിയായ രീതിയിൽ അവതരിപ്പിച്ചു കൊണ്ട് നീതിയേ കൂടി ഈ പ്രതിജ്ഞ നിറവേറ്റാനായി തന്റെ വീട്ടിലെ കാര്യങ്ങൾ ശ്രദ്ധിക്കുക. വല്ല കാര്യവും വന്നാൽ തന്നെ അന്യായമായി പുരുഷന്മാരുടെ പേരിൽ വ്യാജാരോപണങ്ങളും അവരുടെ കുറ്റങ്ങളും പറയരുത്.

ഒരു വിശ്വാസിക്ക് ഉണ്ടായിത്തീരേണ്ട ഉന്നത പദവിയെ കുറിച്ച് ഹ: മസീഹ് മൗഊദ്(അ) പറയുന്നു: തങ്ങളുടെ പ്രശ്നങ്ങളിൽ അവ അല്ലാഹുവുമായി ബന്ധപ്പെട്ടതാണെങ്കിലും സൃഷ്ടികളുമായി ബന്ധപ്പെട്ടതാണെങ്കിലും അനിയന്ത്രിതമായി വല്ല ആക്ഷേപത്തിനും പാത്രമാകുമോ എന്ന് ഭയപ്പെട്ടു കൊണ്ട് തന്റെ അമാനത്തുകളുടെയും കരാറുകളുടെയും അതിസൂക്ഷ്മമായ വശങ്ങളെ കൂടി പരിഗണിക്കുകയും തന്റെ അമാനത്തുകളെ കുറിച്ചും ഉടമ്പടികളെ കുറിച്ചും എപ്പോഴും ആത്മപരിശോധന നടത്തികൊണ്ടിരിക്കുകയും തഖ്‌വയുടെ സൂക്ഷ്മ ദർശിനിയിലൂടെ അതിന്റെ ആന്തരിക വശങ്ങളെ കുറിച്ച് നോക്കിക്കാണുകയും, അറിയാതെ അവരുടെ അമാനത്തുകളിലും കരാറുകളിലും വല്ല കോട്ടവും സംഭവിച്ചിട്ടുണ്ടോ എന്ന് നോക്കുകയും അല്ലാഹുവിന്റെ അവരുടെ പക്കലുള്ള അമാനത്തുകളായ സർവ്വ ശക്തികളും സർവ്വ അവയവങ്ങളും ജീവനും സ്വത്തും അഭിമാനവും തുടങ്ങിയ തഖ്‌വയുടെ അടിസ്ഥാനത്തിൽ അതാതു സ്ഥലങ്ങളിൽ ഉചിതമായ നിലയിൽ അവർ ഉപയോഗിക്കുന്നു. വിശ്വസിക്കുന്ന സമയത്ത് അല്ലാഹുവിനോട് ചെയ്തിരിക്കുന്ന പ്രതിജ്ഞയെ കഴിവിന്റെ പരമാവധി സത്യസന്ധമായ രീതിയിൽ നിറവേറ്റാൻ ശ്രമിക്കുകയും ചെയ്യുന്നു. ഇതേ പോലെ സൃഷ്ടികളുമായി ബന്ധപ്പെട്ട അമാനത്തുകൾ അവരുടെ പക്കലുള്ളതിനെ അല്ലെങ്കിൽ അമാനത്തിന്റെ ഗണത്തിൽ പെടുന്നവയെല്ലാം കഴിവിന്റെ പരമാവധി തഖ്‌വയുടെ അടിസ്ഥാനത്തിൽ നിറവേറ്റാൻ ശ്രമിക്കുന്നു. വല്ല പ്രശ്നവും വന്നാൽ

തഖ്‌വയെ മുൻനിർത്തികൊണ്ട് തീരുമാനമെടുക്കുന്നു. ഈ തീരുമാനത്തിൽ അവർക്ക് നഷ്ടം സംഭവിച്ചാലും ശരി. എല്ലാ പ്രവർത്തനത്തിലും തഖ്‌വയുടെ സൂക്ഷ്മ വശങ്ങളനുസരിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

പറയുന്നു: മനുഷ്യന്റെ ആത്മീയമായ സൗന്ദര്യങ്ങൾ യഥാർത്ഥത്തിൽ തഖ്‌വയുടെ അതിസൂക്ഷ്മമായ വശങ്ങളിലൂടെ ചലിക്കുന്നതിലാണുള്ളത്.

തഖ്‌വയുടെ അതിസൂക്ഷ്മമായ വശങ്ങൾ ആത്മീയ സൗന്ദര്യത്തിന്റെ പ്രതിബിംബവും അതിന്റെ രൂപലാവണ്യവുമാണ്. അല്ലാഹുവിന്റെ കരാറുകളെയും പ്രതിജ്ഞകളും കഴിവിന്റെ പരമാവധി നിറവേറ്റുക എന്നത് അടിമുതൽ മുടിവരെയുള്ള ശക്തികളും അവയവങ്ങളും ബാഹ്യമായ തലത്തിൽ നോക്കുമ്പോൾ കണ്ണ്, ചെവി, കൈ, കാല്, മറ്റു അവയവങ്ങൾ, ആന്തരികമായി ഹൃദയം മറ്റു കഴിവുകളും ശക്തികളും ധാർമ്മിക ഗുണങ്ങളും ഇവയെല്ലാം കഴിവിന്റെ പരമാവധി ആവശ്യമുള്ള സ്ഥലങ്ങളിൽ ശരിയാംവണ്ണം ഉപയോഗിക്കുകയും അനുചിതമായ സ്ഥലങ്ങളിൽ നിന്നും തടുക്കുകയും അതിന്റെ ഗൂഢമായ അക്രമത്തെ തൊട്ട് ജാഗരൂഗരായിരിക്കുകയും അതോടൊപ്പം തന്നെ സൃഷ്ടികളോടുള്ള കടമയും നിറവേറ്റുകയും ചെയ്യുക എന്നിവയിലെല്ലാമാണ് മനുഷ്യന്റെ ആത്മീയ സൗന്ദര്യവുമായി ബന്ധപ്പെട്ട് നിൽക്കുന്നത്. വിശുദ്ധഖുർആനിൽ അല്ലാഹു തഖ്‌വയെ വസ്ത്രത്തോടാണ് ഉപമിച്ചത്. **ലിസാബുത്തഖ്‌വ** എന്നത് വിശുദ്ധ ഖുർആന്റെ പ്രയോഗമാണ്. ഇത് സൂചിപ്പിക്കുന്നത് ആത്മീയ സൗന്ദര്യവും ആത്മീയ ഭംഗിയും തഖ്‌വ മുഖേനയാണ് ഉണ്ടാകുക. തഖ്‌വ എന്ന് പറഞ്ഞാൽ മനുഷ്യൻ അല്ലാഹുവിന്റെ എല്ലാ അമാനത്തുകളും വിശ്വാസ പ്രതിജ്ഞകളും അതേ പോലെ സൃഷ്ടികളുടെ എല്ലാ അമാനത്തുകളും കരാറുകളും കഴിവിന്റെ പരമാവധി പരിഗണിക്കുക. അതായത് അതിന്റെ അതിസൂക്ഷ്മമായ വശങ്ങളിൽ വരെ കഴിവിന്റെ പരമാവധി പ്രവർത്തിക്കുക.

തഖ്‌വയിൽ ചരിച്ചുകൊണ്ട് അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവരും കരാറുകളും പ്രതിജ്ഞകളും നിറവേറ്റുന്നവരുമായി അല്ലാഹു നമ്മെ മാറ്റട്ടെ. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായി ഈ റമദാനിൽ നാം ചെയ്തിരിക്കുന്ന പ്രയത്നങ്ങളിൽ സ്ഥിരത കാണിക്കുന്നവരുമായി നമ്മേ മാറ്റട്ടെ. ഇന്നത്തെ ജുമുഅ വിടവാങ്ങൽ ജുമുഅയായി മനസ്സിലാക്കി, റമദാനിൽ ചെയ്ത നന്മകൾ റമദാനിൽ മാത്രമാണെന്ന് കരുതി ഉപേക്ഷിച്ചു കളയരുത്. അല്ലാഹു പറഞ്ഞതു പോലെ സ്ഥിരചിത്തരായികൊണ്ട് നന്മകളെ ചെയ്യുന്നവരാണ് വിശ്വാസികൾ. പ്രതിജ്ഞകളെ പാലിക്കുന്നവരാണ് മുഅ്മിനീങ്ങൾ. ഈ റമദാൻ അതിരറ്റ അനുഗ്രഹത്തിന്റെ അവകാശികളായി നമ്മെ മാറ്റട്ടെ. വിശുദ്ധ ഖുർആനിൽ നൽകിയിരിക്കുന്ന കല്പനകളെ കുറിച്ച് മുമ്പത്തെക്കാളുപരി നമുക്ക് മനസ്സിലാക്കാൻ കഴിയട്ടെ.

ചില കല്പനകളെ കുറിച്ചാണ് ഞാൻ പറഞ്ഞത്. അതുകൊണ്ട് മറ്റു കല്പനകളും എന്തെല്ലാമാണെന്ന് നാം ഓരോരുത്തരും അന്വേഷിക്കേണ്ടതാണ്. റമദാൻ ഫലപ്രദമായി വിനിയോഗിച്ചവരുടെ ഗണത്തിൽ അപ്പോൾ മാത്രമേ നാം ഉൾപ്പെടുകയുള്ളൂ. നമ്മിലുള്ള ഭൂരിഭാഗത്തെയും ഇതിൽ നിന്ന് ഗുണമെടുത്തവരും ഗുണമെടുക്കുന്നവരുമായി അല്ലാഹു മാറ്റട്ടെ.

**PRINTED BOOKS**

**To**

From

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 August 9 at : Baitul Futuh, UK
Translation: M.Nasir Ahmad, Kodiyathur - 09497343704

Typing: A.T.Nasarudheen
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**